പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2533 **28-10-2026-ൽ മറുപടിയ്ക്ക്**

അറനാടൻ ഗോത്ര വിഭാഗം നേരിടുന്ന പ്രശ്നങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. ആര്യാടൻ ഷൗക്കത്ത്	ശ്രീമതി കെ. എ. തുളസി (പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) ആദിമ മനുഷ്യരിൽപ്പെട്ട അറനാടൻ ആദിവാസി ഗോത്ര വിഭാഗത്തിൽ ഇരുന്നൂറോളം പേരാണ് അവശേഷിക്കുന്നതെന്നും പ്രസ്തുത ഗോത്ര വിഭാഗം അന്യം നിന്നു പോവുകയാണെന്നുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: നിലമ്പൂർ ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസിന്റെ പരിധിയിൽ 83 കുടുംബങ്ങളിലായി ആകെ 204 അറനാടൻ സമുദായ അംഗങ്ങൾ താമസിച്ചു വരുന്നുണ്ട്.

(ബി) പ്രസ്തുത വിഭാഗത്തിന് വനാവകാശ നിയമപ്രകാരം ഭൂമി അനുവദിച്ചു നൽകുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ;

മറുപടി: ജില്ലയിൽ ഈ വിഭാഗത്തിൽപ്പെട്ട 4 കുടുംബങ്ങൾക്ക് വനാവകാശ നിയമപ്രകാരം ഭൂമി അനുവദിച്ചിട്ടുണ്ട്. നിലവിൽ ഈ വിഭാഗത്തിൽപ്പെട്ടവരുടെ വനാവകാശ അപേക്ഷകൾ ഒന്നുംതന്നെ തീർപ്പുകൽപ്പിക്കാൻ ബാക്കിയില്ല. വനാവകാശ നിയമപ്രകാരം പുതിയ അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് അർഹത പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത വിഭാഗത്തിന് വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് വനംവകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിൽ തൊഴിൽ നൽകുവാനുള്ള പ്രൊപ്പോസലുകൾ പട്ടിക ജാതി പട്ടിക വർഗ്ഗ വകുപ്പ് മുഖേന നൽകുമോ;

മറുപടി: നിലവിൽ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ